jaagrathayude
Keraleeyam
Rs. 25/-
2014 July

# കാതിക്കുടത്തെ രാസമാലിന്യം രഹസ്യമായി മുതലമടയിൽ തള്ളുന്നു

**കാതികുടത്തെ** നിറ്റാജലാറ്റിൻ കമ്പനിയിൽ നിന്നുള്ള രാസമാലിന്യം അതീവരഹസ്യമായി മുതലമടയിൽ കൊണ്ടുവന്ന് തള്ളുന്നു. കൊല്ലങ്കോട്, മുതലമട ഗ്രാമപഞ്ചായത്തുകളുടെ അതിർത്തി പ്രദേശമായ കള്ളിയമ്പാറയിലാണ് ദിനംപ്രതി രണ്ടിലധികം ലോഡ് രാസമാലിന്യങ്ങൾ സ്വകാര്യ തോട്ടങ്ങളിൽ നിക്ഷേപിക്കുന്നത്. വനാതിർത്തിയിൽ നിന്നും രണ്ട് കിലോമീറ്റർ മാത്രം ദൂരത്താണ് മാലിന്യം തള്ളുന്ന സ്ഥലം സ്ഥിതി ചെയ്യുന്നത്. വന്യമൃഗങ്ങൾ ധാരാളം കാണാറുള്ള ഈ പ്രദേശത്ത് കുറച്ചുനാൾ മുമ്പ് രണ്ട് പശുക്കളെ പുലി പിടിച്ചിരുന്നു. വർഷങ്ങളായി തുടരുന്ന ഈ രഹസ്യ മാലിന്യ നിക്ഷേപത്തിനെതിരെ മൂന്നു വർഷങ്ങൾക്കുമുമ്പ് തദ്ദേശീയർ പ്രതിഷേധ സമരവുമായി രംഗത്തുവന്നിരുന്നു. അതേതുടർന്ന് താൽക്കാലികമായി നിർത്തിവെച്ച രാസമാലിന്യ നിക്ഷേപം അതീവ രഹസ്യമായാണ് വീണ്ടും ആരംഭിച്ചത്. മാലിന്യ നിക്ഷേപം കണ്ടെത്തിയതോടെ നാട്ടുകാർ വീണ്ടും പ്രതിഷേധവുമായി രംഗത്തെത്തിയിട്ടുണ്ട്. കള്ളിയമ്പാറയിലെ തെന്മലയിൽ നിന്നും ഒഴുകുന്ന രണ്ട് തോടുകളുടെ ഇടയിലുള്ള തോട്ടങ്ങളിലാണ് രാസമാലിന്യ നിക്ഷേപിക്കുന്നത്. മഴക്കാലത്ത് തോട്ടിലെ വെള്ളത്തിൽ രാസമാലിന്യം കലരാൻ സാധ്യതയുള്ളതിനാൽ അടിയന്തരമായി നടപടിയെടുക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം. തോടുകളിൽ രാസമാലിന്യം കലരുന്നത് നിരവധി കുടിവെള്ള പദ്ധതികൾ സ്ഥിതിചെയ്യുന്ന ഗായത്രി പുഴയെ ആശ്രയിക്കുന്നവർക്ക് മാരകമായ രോഗങ്ങൾ ഉണ്ടാവാൻ കാരണമാവും. 2014 മെയ് 24ന് മാലിന്യനിക്ഷേപ കേന്ദ്രത്തിന് സമീപമുള്ള തോട്ടിൽ മത്സ്യങ്ങൾ ചത്തുപൊന്തിയിരുന്നു. മലിനീകരണ നിയന്ത്രണ ബോർഡും ജലസേചന വകുപ്പും പൊലീസും മാലിന്യ നിക്ഷേപത്തിനെതിരെ അടിയന്തര നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് നാട്ടുകാർ പരാതി നൽകിയിട്ടുണ്ട്. മണ്ണിലും വെള്ളത്തിലും കലരുന്ന രാസമാലിന്യം വർഷങ്ങളോളം മാരക രോഗങ്ങൾ പടർത്താൻ കാരണമാകുമെന്നതിനാൽ കളക്ടർ ഇടപെടണമെന്നും ഇവർ ആവശ്യപ്പെടുന്നു. കാതിക്കുടം നിറ്റാ ജലാറ്റിൻ കമ്പനിക്കെതിരെ നടക്കുന്ന സമരം ശക്തമായ സമയത്ത് തൃശൂർ ജില്ലയിൽ രാസമാലിന്യ നിക്ഷേപം നടത്തുന്നത് വൻ പ്രതിഷേധങ്ങൾക്ക് വഴിവെച്ചിരുന്നു. ഇതുമൂലമാണ് പാലക്കാട് ജില്ലയുടെ കിഴക്കൻ മേഖലയിലെ പഞ്ചായത്തുകളിലേക്ക് കമ്പനി മാലിന്യങ്ങൾ കൊണ്ടുപോകാൻ തുടങ്ങിയത്. രാസമാലിന്യം നിക്ഷേപിക്കാൻ കരാറെടുത്തവർ സ്വകാര്യ തോട്ടമുടമകൾക്ക് ലോഡിന് 4,000 മുതൽ 7,000 രൂപവരെ നൽകുന്നുണ്ടെന്നാണ് നാട്ടുകാർക്ക് അറിയാൻ കഴിഞ്ഞത്. കാൻസർ പോലുള്ള മാരക രോഗങ്ങൾക്ക് കാരണമായ രാസമാലിന്യം നിക്ഷേപിക്കുന്നത് തടയാൻ സാമ്പത്തിക ലാഭം ലഭിക്കുന്നതിന്റെ പേരിൽ തോട്ടമുടമകൾ തയ്യാറാകുന്നില്ല എന്നതാണ് ഇപ്പോഴത്തെ പ്രതിസന്ധി.



വനഭൂമിക്കടുത്തുള്ള തോട്ടത്തിൽ കൂടിക്കിടക്കുന്ന മാലിന്യങ്ങൾ



രാസമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾ

രണ്ട് വർഷങ്ങൾക്കുമുമ്പ് തമിഴ്നാട്ടിലേക്ക് വ്യാപകമായി കടത്തിയ രാസമാലിന്യം പൊള്ളാച്ചി തഹസിൽദാരും ഡെപ്യൂട്ടി കലക്ടറും സംയുക്ത പരിശോധന നടത്തി കേരളത്തിലേക്ക് തിരിച്ചയച്ചിരുന്നു. എന്നിട്ടും പൊള്ളാച്ചിയിലേക്ക് മാലിന്യം കൊണ്ടുപോകുന്നത് കമ്പനി തുടർന്നതോടെ വാഹനങ്ങൾ അധികൃതർ പിടിച്ചെടുക്കാൻ തുടങ്ങി. രാത്രി ലോറിക്കുമുകളിൽ ടാർപോളിങ് ഷീറ്റുകൾകൊണ്ട് മറച്ചാണ് തമിഴ്നാട്ടിലേക്ക് രാസമാലിന്യം കടത്തുന്നതെന്ന് അതിർത്തി പ്രദേശവാസികൾ പറയുന്നു.

കള്ളക്കേസുകളിൽ കുടുക്കുമെന്ന് ഭീഷണിപ്പെടുത്തിയാണ് ഇപ്പോൾ വീണ്ടും മാലിന്യം നിക്ഷേപിക്കുന്നതെന്ന് പരിസരവാസികൾ പരാതി പറയുന്നു. കഴിഞ്ഞ വർഷം രാസമാലിന്യം തള്ളുന്നതിനെതിരെ ജില്ലാ കലക്ടർക്ക് പരാതി നൽകിയ നാട്ടുകാരെ കള്ളക്കേസിൽ കുടുക്കിയ അനുഭവം ഇവർക്ക് മുന്നിലുണ്ട്. ടൺകണക്കിന് രാസമാലിന്യങ്ങൾ തൃശൂരിൽനിന്ന് മുതലമടയിൽ കൊണ്ടുവന്ന് തള്ളിയിട്ടും ഇതേകുറിച്ച് പഠിക്കാനോ നടപടിയെടുക്കാനോ അധികൃതർ തയാറായിട്ടില്ല. രാസമാലിന്യ നിക്ഷേപത്തിനെതിരെ നടപടിയെടുക്കണമെന്നാവശ്യപ്പെട്ട് ആദിവാസി സംരക്ഷണ സംഘം മുതലമട പഞ്ചായത്ത് അധികൃതർക്ക് പരാതി നൽകിക്കഴിഞ്ഞു.

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 680021.
Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com